നമ്പർ ഡി5/3100/2016/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി ~~../07/2016~~ 18/7/2016

# **സർക്കുലർ**

വിഷയം - പൊതുവിദ്യാഭ്യാസം-ജീവനക്കാര്യം-ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വേക്കൻസി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നത് -സംബന്ധിച്ച്.

സൂചന -1. ഈ ആഫീസിലെ 05/07/2016 ലെ ഇതേ നമ്പർ കത്ത്
2. ഈ ആഫീസിലെ 17/06/2016 ലെ ഇതേ നമ്പർ നടപടി ഉത്തരവ്

സൂചന 2 പ്രകാരമുള്ള ഉത്തരവിലൂടെ സ്ഥാനക്കയറ്റം നൽകിയതിൽ സ്ഥാനക്കയറ്റം പരിത്യജിച്ച ഒഴിവുകളും, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ജില്ലാ വിദ്യാഭ്യാസ ആഫീസറന്മായി സ്ഥാനക്കയറ്റം നൽകിയപ്പോഴുണ്ടായ ഒഴിവുകളും മറ്റേതെങ്കിലും തരത്തിൽ ടി തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്ന ഒഴിവുകളും വെബ്സൈറ്റിൽ '5' ദിവസത്തിനകം അപ്‌ലോഡ് ചെയ്യുവാൻ സൂചന 1 പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവരുടെ അധികാര പരിധിയിൽപ്പെടുന്ന സ്കൂളുകളിലെ മുഴുവൻ ഒഴിവുകളും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തതായി കാണുന്നില്ല. ആയതിനാൽ ഇന്ന് (18/07/2016) 3 പി.എം ന് മുൻപായി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. സൂചന 1 പ്രകാരം എച്ച്.എം/എഇഒ ഒഴിവുകൾ അപ്‌ലോഡ് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടും പാലിക്കാതിരുന്നത് അതീവ ഗൗരവമേറിയ കൃത്യവിലോപമായി കാണുന്നു. എച്ച്.എം/എഇഒ ഒഴിവുകൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം താങ്കൾക്ക് മാത്രമാണെന്ന് ഓർമ്മപ്പെടുത്തുന്നു (ഉദാഹരണമായി എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ ഒരു ഒഴിവും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തതായി കാണുന്നില്ല.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി**

D. SANTHOSH KUMAR
Senior Administrative Officer
Directorate of Public Instruction
Thiruvananthapuram-14

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും